'ഭരണഭാഷ-മാതൃഭാഷ'

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടി

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് – ജീവനകാര്യം – സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് -I/II - തസ്തികകൾ മാറ്റിയും ജീവനക്കാരെ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-

1) സ.ഉ.(സാധാ) 475/2015/ആ.സാ.വ. തീയതി 13/11/2015 നമ്പർ ഉത്തരവ്.
2) 29/03/2017 ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) No.96/2016 നമ്പർ വിധിന്യായം.
3) സ.ഉ (സാധാ) 346/2017/ആ.സാ.വ തീയതി 03/06/2017 നമ്പർ കത്ത്.
4) 16/01/2018, 30/04/2018,22/05/2018 തീയതികളിലെ ഈ ആഫീസിലെ ഇതേ നമ്പർ ഉത്തരവുകൾ.
5) 21/05/2018 ലെ ഇ.എ.(1)2018/2018/ഡിഇഎസ് നമ്പർ ഉത്തരവ്.
6) 23/05/2018 ലെ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഇ1-174/2016/ഡിഇഎസ്ഡബ്ല്യൂ നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ ഇ.എ.(1)24408/2014/ഡി.ഇ.എസ് തീയതി .24/05/2018</u>**

പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വയനാട് ജില്ലാ ആഫീസിലെ ഒമ്പത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തിക കോട്ടയം ജില്ലയിലേക്കും കോട്ടയം ജില്ലയിലെ ഒമ്പത് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേക്കും മാറ്റി നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

പരാമർശം (4) പ്രകാരം നിലവിൽ നാല് തസ്തികകൾ വീതം മാറ്റി നിയമിച്ചിട്ടുണ്ട്. വയനാട് ജില്ലാ ആഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ശ്രീ.സാജിത് ബാബു.കെ.കെ-യ്ക്ക് അന്യത്ര സേവനവ്യവസ്ഥയിൽ നിയമനം നൽകിയതിൻ പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ ഒരു ഒഴിവുള്ള വിവരം പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തിക കോട്ടയം ജില്ലയിലേക്ക് മാറ്റി ഉത്തരവാകുന്നു. കോട്ടയം ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I ശ്രീ.ജയകൃഷ്ണൻ.പി യ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനെ തുടർന്നുണ്ടാകുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേക്കും മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പ്രസ്തുത തസ്തികമാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടായ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I തസ്തികകളിലെ സ്ഥലംമാറ്റങ്ങൾ ചുവടെ ചേർക്കും വിധം ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.